# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3410** — **18-02-2013 ൽ മറുപടിയ്ക്ക്**

## കർഷകർക്കായി കേന്ദ്ര സർക്കാർ അനുവദിച്ച പാക്കേജുകൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കർഷകർക്കായി കേന്ദ്ര സർക്കാർ അനുവദിച്ച പാക്കേജുകളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) 3 പാക്കേജുകളാണ് കേന്ദ്ര സർക്കാർ അംഗീകരിച്ചത്.<br>1. കുട്ടനാട് പാക്കേജ്<br>2. ഇടുക്കി പാക്കേജ്<br>3. കോൾനില വികസനം.<br>2008 ജൂലൈ 24 ന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച കുട്ടനാട് പാക്കേജിന്റെ എം.എസ്.എസ്.ആർ.എഫ് ശുപാർശ പ്രകാരമുള്ള അടങ്കൽ തുക 1840 കോടി രൂപയാണ്. പാക്കേജിൻ കീഴിൽ നാളിതുവരെ 4207 കോടി രൂപയുടെ പദ്ധതികൾക്ക് ഡി.പി.ആർ തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 1266.68 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ടി തുകയിൽ 231.37 കോടി രൂപ റിലീസ് ചെയ്തിട്ടുള്ളതും 141.53 കോടി രൂപ വിനിയോഗിച്ചിട്ടുള്ളതുമാണ്.<br>2008 നവംബർ 8 ന് അംഗീകാരം ലഭിച്ച ഇടുക്കി പാക്കേജിന്റെ എം.എസ്.എസ്.ആർ.എഫ് റിപ്പോർട്ട് പ്രകാരമുള്ള ആകെ അടങ്കൽ തുക 764.45 കോടി രൂപയാണ്. |

ഇടുക്കി പാക്കേജിൻ കീഴിൽ 396.6 കോടി രൂപയുടെ പ്രവൃത്തികൾക്ക് വിശദമായ ഡി.പി.ആർ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 238.92 കോടി രൂപയുടെ പദ്ധതികൾക്ക് നാളിതു വരെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ടി തുകയിൽ 110.19 കോടി രൂപ റിലീസ് ചെയ്തിട്ടുള്ളതും 79.07 കോടി രൂപ വിനിയോഗിച്ചിട്ടുള്ളതു മാണ്.

കോൾനില വികസനത്തിന് 425.20 കോടി രൂപ തത്വത്തിൽ അംഗീകരിച്ചു. ഇതിൽ ആർ.കെ.വി.വൈയിൽ ഉൾപ്പെടുത്തി 114.2 കോടി രൂപയുടെ എസ്റ്റിമേറ്റുള്ള 11 പ്രോജക്ടുകൾ നടപ്പി ലാക്കാനും, ആർ.ഐ.ഡി.എഫ് വഴി അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ട് 300 കോടി രൂപയുടെ പ്രോജക്ടുകൾ കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വഴി നടപ്പിലാക്കാൻ ധാരണയുണ്ടാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പാക്കേജുകൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ? | (ബി) | കൃഷി വകുപ്പിന്റെ എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുന്ന തിനുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. പദ്ധതി നടത്തിപ്പ് പ്രദേശത്തെ ഉദ്യോഗസ്ഥരുമായിട്ട് മന്ത്രിതലത്തിലും അവലോകന യോഗങ്ങൾ നടത്തി അതാത് സമയത്തെ പദ്ധതി പുരോഗതി നടത്തിപ്പ് വിലയിരുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ